**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5440** **21-07-2022 - ൽ മറുപടിയ്ക്ക്**

**കന്നുകാലി ജനുസുകളെ സംരക്ഷിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കന്നുകാലി ജനുസുകളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ? | (എ) | വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനും വംശ വർദ്ധനവിനുമായി എ.ഐ സെന്ററുകൾ വഴി വെച്ചൂർ, കാസർഗോഡ് കുള്ളൻ ജനുസ്സ് ബീജമാത്രകൾ വിതരണം ചെയ്തുവരുന്നു. ഓണാട്ടുകര വികസന ഏജൻസി കെ.എൽ.ഡി ബോർഡുമായി സഹകരിച്ച് സ്കൂൾ കുട്ടികൾക്ക് കാസർഗോഡ് കുള്ളൻ പശുകുട്ടികളെ വിതരണം ചെയ്തിട്ടുണ്ട്.<br><br>കുട്ടമ്പുഴ കുള്ളൻ കാലികൾ കൂടുതലുള്ള എറണാകുളം ജില്ലയിലെ കോടനാട്, അയ്യമ്പുഴ, കൊമ്പനാട്, കുട്ടമ്പുഴ എന്നീ വെറ്ററിനറി ഡിസ്പെൻസറികളിലേയ്ക്കും, കാലടി, കോട്ടപ്പടി എന്നീ മൃഗാശുപത്രികളിലേയ്ക്കും ഇൻഡന്റ് ചെയ്യുന്ന മുറയ്ക്ക് തന്നെ കുട്ടമ്പുഴ കുള്ളൻ ഇനം സെമൻ ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>വയനാടൻ കുള്ളൻ പശുക്കളുടെ സംരക്ഷണത്തിനായി ഈയിനം കാലികൾ കൂടുതലായി കാണപ്പെടുന്ന വയനാട് ജില്ലയിലെ മുത്തങ്ങ, പുൽപ്പള്ളി എന്നിവിടങ്ങളിൽ നിന്നും വയനാടൻ കുള്ളൻ കാലികളെ കണ്ടെത്തി ഉരുക്കളുടെ രക്തം ശേഖരിച്ച് ഡി.എൻ.എ വേർതിരിച്ചെടുത്ത് കെ.എൽ.ഡി ബോർഡിലെ സെന്റർ ഫോർ അപ്ലൈഡ് ലൈവ്സ്റ്റോക്ക് ജീനോമിക് ലാബിൽ karyo typing & Genotyping പഠനം തുടങ്ങിയിട്ടുണ്ട്.<br><br>വില്വാദ്രി ഇനം പശുക്കളുടെ സംരക്ഷണത്തിനും, വംശവർദ്ധനവിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുവാൻ കെ.എൽ.ഡി ബോർഡ് പാലക്കാട് ധോണി ഫാം മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ